പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3641

17.12.2015 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ കുടിശ്ശികയി ന്മേലുള്ള പലിശയിളവ് ലഭിക്കു വാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചി ട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം എല്ലാ അപേക്ഷകർക്കും പലിശ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്ക്ക രിച്ച പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി ഫണ്ട് ജില്ലാകള ക്ടർക്ക് അനുവദിച്ച് ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതി നുള്ള ഭരണപരമായ നടപടിക്രമങ്ങൾ മാത്രമേ ഇനി സ്വീകരിക്കാനുള്ളൂ. |
| (ബി) | സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വായ്പാ കുടിശ്ശികക്കാരെ ബാങ്കു കൾ തുടർച്ചയായി പലതരത്തിൽ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം നടപടികൾ അവസാനി പ്പിക്കുവാൻ എന്തെല്ലാം ചെയ്തി ട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് അയച്ചുകൊടുത്ത് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിദ്യാഭ്യാസ വായ്പാ-കുടിശ്ശിക കാർക്ക് പലിശയിളവ് നൽകുന്നതിനായി സ്വീകരിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ എത്രമാത്രം അവശേഷിക്കുന്നുണ്ടെന്നും കാലതാമസത്തിന്റെ കാരണങ്ങളും വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം എല്ലാ അപേക്ഷകർക്കും പലിശ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി ഫണ്ട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ മാത്രമേ ഇനി സ്വീകരിക്കാനുള്ളൂ.

(ഡി) വിദ്യാഭ്യാസ വായ്പാ കുടിശ്ശികയുണ്ടായിരുന്നവരിൽ മരണപ്പെട്ടവരുടെ ആശ്രിതരെ കുടിശ്ശിക തുക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ഡി) 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ കൊടുത്ത ശേഷം മരണമടഞ്ഞ ബിപിഎൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പലിശയിളവ് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പദ്ധതി ആവിഷ്ക്കരിച്ചു. പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകർക്കും പലിശയിളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്തവരിൽ നിന്ന് ലഭിക്കുന്ന പരാതികൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് അയച്ചുകൊടുക്കുന്നുണ്ട്.

Piya

സെക്ഷൻ ഓഫീസർ